(സി) മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് യു.പി.എസ്.സി. കഴിഞ്ഞ വർഷം അഖിലേന്ത്യാ തലത്തിൽ നടത്തിയ എഴുത്തുപരീക്ഷയുടെ ചോദ്യങ്ങൾ പ്രസിദ്ധീകരിച്ചിരുന്ന വെബ്സൈറ്റിൽ നിന്നും എത്ര ചോദ്യങ്ങൾ ഈ എഴുത്തുപരീക്ഷയ്ക്ക് ചോദിച്ചിരുന്നു;

(ഡി) ആ ചോദ്യങ്ങൾക്ക് സംസ്ഥാന പി.എസ്.സി. നടത്തിയ പരീക്ഷയ്ക്ക് എത്ര മാർക്കുണ്ട് ; സംസ്ഥാന പി.എസ്.സി. ഓർഗാനൈ ഓഫ് മെഡിസിൻ ട്യൂട്ടർ തസ്തികയിലേക്ക് നടത്തിയ എഴുത്തുപരീക്ഷയ്ക്ക് എല്ലാ ചോദ്യങ്ങൾക്കും കൂടി എത്ര മാർക്കാണ് നിശ്ചയിച്ചിരുന്നത് ; ചോദ്യങ്ങൾ വെബ്സൈറ്റിൽ നിന്നും പകർത്തിയതുകൊണ്ട് പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിന് നടത്തിയ എഴുത്തുപരീക്ഷയെപ്പറ്റി പത്രങ്ങളിൽ പരാതി വന്നിട്ടുണ്ടോ ;

ഉത്തരം

(എ) 26-11-2002-ലെ ഗസറ്റ് വിജ്ഞാപന പ്രകാരമായിരുന്നു.

(ബി) 12-2-2005-ൽ എഴുത്തു പരീക്ഷ നടത്തിയിരുന്നു.

(സി) & (ഡി) ഓരോ തസ്തികയ്ക്കും തെരഞ്ഞെടുപ്പിനായി എഴുത്തു പരീക്ഷ നടത്താൻ നിശ്ചയിച്ചാൽ ചോദ്യ പേപ്പർ തയ്യാറാക്കുന്ന ചുമതല അതാത് മേഖലയിലെ പ്രഗത്ഭരെയാണ് ഏൽപ്പിക്കുന്നതെന്ന് കേരള പബ്ലിക് സർവീസ് കമ്മീഷൻ അറിയിച്ചിട്ടുണ്ട്. അതീവ രഹസ്യമായി തയ്യാറാക്കുന്ന ചോദ്യ പേപ്പർ പരീക്ഷയ്ക്കു മുൻപ് ഒരു ഘട്ടത്തിലും പരിശോധിക്കാറില്ലെന്നും ഈ തസ്തികയിലെ ചോദ്യ പേപ്പറുമായി ബന്ധപ്പെട്ട് പത്രങ്ങളിൽ വന്ന ചില പരാതികൾ പരിശോധിക്കുന്നുണ്ടെന്നും കമ്മീഷൻ അറിയിച്ചിട്ടുണ്ട്. പരീക്ഷയ്ക്കുശേഷം ചോദ്യങ്ങളും ഉത്തര സൂചികയും വിദഗ്ദ്ധൻമാരെക്കൊണ്ട് വീണ്ടും പരിശോധിച്ച് തെറ്റായ ചോദ്യങ്ങൾ ഉണ്ടെങ്കിൽ അവ ഒഴിവാക്കിയ ശേഷം മാത്രമേ മൂല്യനിർണ്ണയം നടത്തുകയുള്ളൂ എന്ന് മൂല്യനിർണ്ണയത്തിനു മുൻപായി അന്തിമമായി അംഗീകരിച്ച ഉത്തര സൂചിക പി. എസ്. സി. ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുകയും അതിൻമേൽ എന്തെങ്കിലും പരാതികളോ നിർദ്ദേശങ്ങളോ ലഭിച്ചാൽ അവകൂടി വീണ്ടും പരിശോധിച്ചതിനുശേഷം മാത്രമേ മൂല്യനിർണ്ണയം ആരംഭിക്കുകയും ചെയ്യുകയുള്ളൂ എന്ന് കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

കൊല്ലം ജില്ലയിലെ എൽ. ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ്

49 [1564] ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ കൊല്ലം ജില്ലയിലെ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിലെ റാങ്ക് ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചത് ;

(ബി) മറ്റു ജില്ലകളിലെ റാങ്ക് ലിസ്റ്റുകൾ എന്നാണ് പ്രസിദ്ധീകരിച്ചത് ;

(സി) കൊല്ലം ജില്ലയിലെ റാങ്ക് ലിസ്റ്റ് മറ്റു ജില്ലകളെ അപേക്ഷിച്ച് വളരെ കുറച്ചു സമയം മാത്രമേ നിലനിൽക്കൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൊല്ലം ജില്ലയിലെ പുതിയ നോട്ടിഫിക്കേഷൻ അനുസരിച്ച് എന്നത്തേക്ക് പരീക്ഷ നടത്തുവാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) മറ്റു ജില്ലകളിലുള്ള റാങ്ക് ലിസ്റ്റിലുള്ളവർക്ക് ലഭിക്കുന്ന കാലയളവ് കൊല്ലം ജില്ലയിലെ റാങ്ക് ലിസ്റ്റിലുള്ളവർക്ക് ലഭിക്കത്തക്ക രീതിയിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് നീട്ടിവയ്ക്കുമോ ?

ഉത്തരം

(എ, ബി, സി, ഡി, ഇ) പി. എസ്. സി. യിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ഒഴിവുകൾ

50 [1565] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഏതൊക്കെ വകുപ്പുകളിലായി ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ എത്ര വീതം ഒഴിവുകൾ നിലവിലുണ്ടെന്നും ഇവയിൽ ഏതൊക്കെ ഓഫീസുകളിലെ/വകുപ്പുകളിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ ബാക്കി യുണ്ടെന്നും എന്തുകൊണ്ടാണ് ഈ ഒഴിവുകൾ പി.എസ്.സി. യെ അറിയിക്കാത്തതെന്നും വ്യക്തമാക്കാമോ ;

(ബി) ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്ത ഏതൊക്കെ ഓഫീസു കളിലാണ് ദിവസക്കൂലിക്കോ താല്ക്കാലിക അടിസ്ഥാനത്തിലോ നിയമനം നടത്തിയിട്ടുള്ള തെന്ന് അറിയിക്കാമോ ;

(സി) നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും ഈ തസ്തികയിലേക്ക് എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ, ബി, സി) വിവരം ശേഖരിച്ചുവരുന്നു.

വനംവകുപ്പിൽ വൈൽഡ്‌ലൈഫ് അസിസ്റ്റന്റ്

51 [1566] ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ വൈൽഡ്‌ലൈഫ് അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റ് പി. എസ്സ്.സി.യിൽ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൽ നിന്ന് നിയമനം നടക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly